പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2605 — 07.10.2016 ൽ മറുപടിക്ക്

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ ദ്വീപുകളിലേക്കുള്ള യാത്രാക്ലേശം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. സ്വരാജ് | | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ മണ്ഡലത്തിലെ വളന്തകാട് പോലുള്ള ദ്വീപുകളിലേക്ക് യാത്രാ സൗകര്യത്തിന്റെ അപര്യാപ്തത കാരണം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | വളന്തകാട് പോലുള്ള ദ്വീപുകളിലേക്ക് ജലഗതാഗത വകുപ്പിന്റെ സർവ്വീസുകൾ നിലവിലില്ല.<br>പ്രസ്തുത ദ്വീപിലേയ്ക്ക് നഗരസഭയുടെ 2 കടത്തു സർവ്വീസുകളാണ് നിലവിലുള്ളത്. ടി കടത്ത് സർവ്വീസ് വഴി ഏകദേശം 20 മിനിറ്റ് കൊണ്ട് എൻ.എച്ച്.47-ൽ എത്തിച്ചേരാൻ സാധിക്കുന്നതാണ്.<br>നിലവിൽ എറണാകുളം മേഖലയിൽ 8 ഷെഡ്യൂൾ സർവ്വീസുകളും, തിരക്ക് നിയന്ത്രിക്കുന്നതിലേക്കായി ഒരു അഡീഷണൽ സർവ്വീസുമാണ് ജലഗതാഗത വകുപ്പ് നടത്തി വരുന്നത്. ആയതിനുള്ള ബോട്ടുകളും, ജീവനക്കാരും മാത്രമേ നിലവിൽ ഉള്ളൂ. |
| (ബി) | പ്രസ്തുത പ്രദേശങ്ങളിലേക്ക് കൂടുതൽ ബോട്ടുകൾ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | | |
| (സി) | പ്രസ്തുത പ്രദേശങ്ങളിലെ യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വിപുലമായ പദ്ധതികൾ ആവിഷ്കരിക്കുമോ? | | |

സെക്ഷൻ ഓഫീസർ